പതിമൂന്നാം കേരളനിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നമ്പർ : 2726

20.3.2015 ലെ മറുപടിയ്ക്ക്

## എയ്ഡഡ് സ്കൂളുകളിലെ അധ്യാപക നിയമനം

| | ചോദ്യം<br>ശ്രീ.ജി.സുധാകരൻ | | ഉത്തരം<br>ശ്രീ.പി.കെ.അബ്ദു റബ്ബ്<br>(വിദ്യാഭ്യാസവകുപ്പുമന്ത്രി) |
|---|---|---|---|
| (എ) | 1979 ന ശേഷം ആരംഭിച്ച എയ്ഡഡ് സ്കൂളുകളിൽ സംരക്ഷിത അധ്യാപകരെ നിയമിക്കണമെന്ന് വ്യവസ്ഥയുണ്ടോ; ഇവർ മാതൃ വിദ്യാലയത്തിലേയ്ക്ക് തിരികെ പോകുമ്പോൾ മറ്റൊരു പ്രൊട്ടക്ടഡ് ടീച്ചറെ ഈ ഒഴിവിൽ നിയമിക്കപ്പെടേണ്ടതുണ്ടോ; അധ്യാപക ബാങ്ക് നിലവിൽ വന്നതോടെ സംരക്ഷിതാധ്യാപകർ എന്നത് നിലവിലുണ്ടോ; ഇക്കാര്യങ്ങൾ സംബന്ധിച്ച് ഉത്തരവുകൾ നിലവിലുണ്ടോ; എങ്കിൽ പകർപ്പ് ലഭ്യമാക്കാമോ; | (എ) | പുതിയ സ്കൂൾ വിഭാഗത്തിൽപ്പെട്ട എയ്ഡഡ് സ്കൂളുകളിൽ സംരക്ഷിതഅധ്യാപകരെ നിയമിക്കണമെന്ന് കെ.ഇ.ആർ അദ്ധ്യായം V ലെ ചട്ടം 6 (VIII)പ്രകാരം വ്യവസ്ഥയുണ്ട്. അത്തരം ഒഴിവുകൾ ബാങ്കുമുഖേന നികത്തുവാൻ ജി.ഒ(പി)278/14 ലും നിർദ്ദേശിച്ചിരുന്നു. അധ്യാപകബാങ്ക് നിലവിൽ വന്നപ്പോഴും സംരക്ഷിതാധ്യാപകർ നിലവിലുണ്ട്. അവർ ബാങ്കിന്റെ ഭാഗമാണ്. ജി.ഒ(പി)199/11/പൊവിവ യുടെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. എന്നാൽ 15.1.2015 ലെ WP(c) 30107/13 ഉം അനുബന്ധകേസുകളിലെ പൊതുവായ ഹൈക്കോടതി വിധിപ്രകാരം അധ്യാപകപാക്കേജ് ഉത്തരവുകളും തസ്തികനിർണ്ണയ മാർഗ്ഗനിർദ്ദേശങ്ങളുൾപ്പെടെ അനുബന്ധ ഉത്തരവുകളും റദ്ദ് ചെയ്തിട്ടുള്ളതിനാൽ ഇക്കാര്യത്തിൽ നിലവിൽ തീരുമാനമായിട്ടില്ല. |
| (ബി | കേന്ദ്രവിദ്യാഭ്യാസ അവകാശ നിയമപ്രകാരം ഹെഡ് ടീച്ചറെ നിയമിക്കുന്നതിനുള്ള വ്യവസ്ഥകൾ എന്തെല്ലാമാണ്; എയ്ഡഡ് സ്കൂളുകളിൽ ഇതിന്റെ അടിസ്ഥാനത്തിൽ ഹെഡ് ടീച്ചറെ നിയമിക്കാൻ കഴിയുമോ; വിശദമാക്കാമോ; | (ബി | കേന്ദ്രവിദ്യാഭ്യാസഅവകാശനിയമത്തിന്റെ ഷെഡ്യൂൾ പ്രകാരം 150 കുട്ടികളിൽ കൂടുതലുള്ള എൽ.പി. സ്കൂളിലും 100 കുട്ടികളിൽ കൂടുതലുള്ള യു.പി.സ്കൂളിലും ഹെഡ് ടീച്ചർമാരെ ക്ലാസ് ചാർജിൽ നിന്നും ഒഴിവാക്കി നിയമിക്കാവുന്നതാണ്. എയ്ഡഡ് സ്കൂളുകളിൽ ഹെഡ്ടീച്ചർമാരെ ക്ലാസ് ചാർജിൽ നിന്നും ഒഴിവാക്കുന്നതു മൂലമുണ്ടാകുന്ന ഒഴിവുകളിൽ അധ്യാപകബാങ്കിൽ നിന്നും നിയമനംനടത്തുവാൻ നിർദ്ദേശിച്ചിരുന്നു. |

| | | | |
|---|---|---|---|
| | | | |
| (സി) | സംരക്ഷിതാധ്യാപകർ പേരന്റ് സ്കൂളിൽ തിരികെ പോകുമ്പോൾ ഉണ്ടാകുന്ന ഒഴിവും ഹെഡ് ടീച്ചർ ഒഴിവും ഒന്നിച്ച് വന്നാൽ നിയമനങ്ങൾ എങ്ങനെ നടത്തുമെന്ന് വിശദമാക്കാമോ? | (സി) | നിയമപ്രകാരം സംരക്ഷിതാധ്യാപകരെ നിയമിക്കേണ്ടതായ ഒഴിവുകൾ മറ്റ് സംരക്ഷിതാധ്യാപകരെകൊണ്ട് നികത്തേണ്ടതാണ്. ഹെഡ്ടീച്ചർമാരെ ക്ലാസ് ചാർജിൽ നിന്നും ഒഴിവാക്കുന്നതു മൂലമുണ്ടാകുന്ന ഒഴിവുകളിൽ അധ്യാപകബാങ്കിൽ നിന്നും നിയമനംനടത്തുവാൻ നിർദ്ദേശിച്ചിരുന്നു. |

സെക്ഷൻ ഓഫീസർ